ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 023

NO.C.1/SPST/2024/0012 14.03.2024

## ക്വട്ടേഷൻ നോട്ടീസ്

## വിഷയം:- 2024ാം മാണ്ട് പൈങ്കുനി ഉത്സവത്തിന് ബാരിക്കേട് കെട്ടുന്നത് സംബന്ധിച്ച്.

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2024 ലെ പൈങ്കുനി ഉൽസവ ത്തോടനുബന്ധിച്ച് 20.04.2024ൽ നടക്കുന്ന പള്ളിവേട്ടയ്ക്കും 21.04.2024ൽനടക്കുന്ന ആറാട്ടിനും പടിഞ്ഞാറേ നട, വടക്കേനട, വേട്ടക്കളം, ശംഖുമുഖം,ആറാട്ട് കടവ് എന്നിവിടങ്ങളിൽ ഭക്തജനങ്ങളെ നിയന്ത്രിച്ച്, ടി ചടങ്ങുകൾ സുഗമമായി നട ത്തുന്നതിനുമായി, ബാരിക്കേടുകൾ 1,200 അടി നീളത്തിൽ കെട്ടുന്നതിലേയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ജോലി എത്രരൂപ പ്രതിഫലം പറ്റി ക്കൊണ്ട് പണി തീർക്കാമെന്ന് കാണിച്ച് ക്വട്ടേഷൻ സമർപ്പിക്കാൻ താൽപര്യമുള്ള വർ 25.03.2024 വൈകുന്നേരം 3.30 മണിയ്ക്കകം ക്ഷേത്ര ഓഫീസിൽ സ്ഥാപിച്ചിട്ടു ള്ള ടെണ്ടർ ബോക്സിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷൻ അ ന്നേദിവസം വൈകുന്നേരം 4.00 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ ഹാ ജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും. പരി ശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും, സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ച യാൽ പള്ളിവേട്ടയ്ക്കും , ആറാട്ടിനും രണ്ട് ദിവസം മുൻപ് അതാത് സ്ഥലങ്ങളിലെ ബാരിക്കേടുകളുടെ പണിപൂർത്തീകരിച്ചിരിക്കണം.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **'ബാരിക്കേടിനുള്ള ക്വട്ടേഷൻ'**എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്: എ.ഒ, എഫ്.എ.ഒ,മാനേജർ,അസ്സി.അക്കൗണ്ട്സ് ഓഫീസർ, ആഡിററ്റ്, വെബ് സൈററ്, നോട്ടീസ് ബോർഡ് 4 നടകൾ. സ്റ്റോക്ക് ഫയൽ സെക്ഷൻ